എഴുത്തിന്റെ കാണാപ്പുറങ്ങൾ

## എം. കൃഷ്ണൻ നായർ



# സാഹിത്യവാരഫലം

"അതിപരിചയമാർക്കും മാനമില്ലാതെയാക്കും" എന്ന പ്രസ്താവം ശരിയാണ്. അതു പ്രത്യക്ഷരം പരിപാലിച്ചുകഴിയുന്നവരാണ് തിരുവനന്തപുരത്തെ ചില സാഹിത്യകാരന്മാർ. താമസിക്കാൻ രണ്ടു നില വീട്. ഇതിനൊരു സൗകര്യമുണ്ട്. രണ്ടാമത്തെ നിലയിൽനിന്നു ജന്നലിൽക്കൂടി നോക്കിക്കൊണ്ടിരിക്കുമ്പോഴാണ് തനിക്ക് ഇഷ്ടമില്ലാത്ത ഒരുത്തൻ ദൂരെനിന്ന് വരുന്നതു സാഹിത്യകാരൻ കാണുന്നത്. ഉടനെ ഭാര്യയെ വിളിച്ചു ഏർപ്പാടു ചെയ്യാം. "ഒരുത്തൻ ശല്യപ്പെടുത്താൻ വരുന്നു ഞാൻ ഡൽഹിയിൽ പോയിരിക്കുകയാണെന്നും ഒരാഴ്ച കഴിഞ്ഞേ തിരിച്ചുവരികയുള്ളൂവെന്നും പറഞ്ഞേക്ക്" ആഗതൻ വരുന്നു സ്ത്രീയുടെ കള്ളംകേട്ടു തിരിച്ചുപോകുന്നു. പിന്നെ സഞ്ചരിക്കാൻ കാറ്. അതു സ്വന്തമായി ഓടിക്കാം. ഡ്രൈവറെക്കൊണ്ടും ഓടിക്കാം. രണ്ടായാലും റോഡിന്റെ ഇരുവശത്തും നോക്കാതിരുന്നാൽ മതി. സാഹിത്യകാരന്റെ മഹത്ത്വത്തിലുള്ള ആദരംകൊണ്ട് വഴിവക്കിൽനിന്നു കൈകൂപ്പുന്ന ആരാധകരെ കണ്ടില്ലെന്നു നടിക്കാൻ കാറിലെ സവാരി ചെറിയ സഹായമൊന്നുമല്ല ചെയ്യുന്നത്. ഇങ്ങനെയൊക്കെ പെരുമാറുന്നവരോടാണ് ബഹുജനത്തിന് ഭക്തിയും സ്നേഹവും.

മർലിൻ മൻറോ



ഇനി വേറൊരു കൂട്ടർ വൈകുന്നേരത്ത് ബസ്സിൽകയറി കണ്ടക്ടറുടെ വായിലിരിക്കുന്നതൊക്കെ കേട്ടും മറ്റു യാത്രക്കാരുടെ ചവിട്ടുകളേറ്റും ഇറങ്ങേണ്ടിടത്തു ഇറങ്ങുന്നു. "അല്ല സാറോ? ഞാൻ വീട്ടിൽ വരാൻ ഭാവിക്കുകയായിരുന്നു. എന്റെ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. ഇപ്പോൾ അതുതരാം. കൊണ്ടുപോകാൻ പ്രയാസമില്ലല്ലോ" എന്നു പറഞ്ഞ് സ്വന്തം രചനാകുത്സിതത്വം അയാളെ ഏല്പിക്കുന്നു. സാഹിത്യകാരൻ പുസ്തകം വാങ്ങുന്നു. രണ്ടു കൈയും വീശി നടക്കാനാണ് അയാളുടെ ആഗ്രഹം. എങ്കിലും കാലക്കേടുകൊണ്ട് അതിനു പറ്റുന്നില്ല. പുസ്തകം വാങ്ങി കൈയിൽ വയ്ക്കുന്നു. മാത്രമല്ല, ഞാൻ കാപ്പി കുടിക്കാൻ 'അരുൾജ്യോതി'യിലേക്കു പോകുകയാണ്. വരുന്നോ, എന്നും മര്യാദയുടെ പേരിൽ ചോദിക്കുന്നു. ഇതു കേട്ടതുപാതി, കേൾക്കാത്തതുപാതി സാഹിത്യകാരന്റെ കൂടെ അയാൾ കാപ്പിക്കടയിൽ കയറുന്നു. "വട," എന്നു സാഹിത്യകാരന്റെ കല്പന വിളമ്പുകാരനോട്, അപ്പോൾ ഗ്രന്ഥകാരൻ "എനിക്കു വട വേണ്ട, ഒരു പീസ് അലുവ മതി" അലുവ വരുന്നു, തിന്നുന്നു ചായ കുടിക്കുന്നു. റോഡിലേക്കു ഇറങ്ങുന്നു. പുസ്തകം വായിച്ചാൽ ഒരു നാലുവരി മലയാളം വാരികയിൽ അതിനെക്കുറിച്ചെഴുതണം. കോപ്പീസ് കുറെ ചെലവാകട്ടെ. സമ്മതഭാവത്തിൽ തലകുലുക്കി സാഹിത്യക്കാരൻ നടക്കുന്നു. വഴിയിൽവച്ച് വേറൊരുത്തൻ തടഞ്ഞുനിർത്തുന്നു. "സാർ, പ്രകാശധൂളി എന്റെ പത്രാധിപത്യത്തിൽ പുറപ്പെടുന്ന മാസികയുടെ നാലാം ലക്കമാണിത്. ഇതിൽ പ്രസിദ്ധപ്പെടുത്താൻ സാറിന്റെ ഒരു ലേഖനം വേണം. 12–ാം തി കാലത്തും ഞാൻ വീട്ടിൽ വരും. എഴുതി വച്ചേക്കണം" പതിനൊന്നാം തീയതിയാണ് ഈ ആജ്ഞയെറിയുന്നത് എന്നു മനസ്സിലാക്കിക്കൊണ്ട് സാഹിത്യകാരൻ പിന്നെയും നടക്കുന്നു. പലരും അയാളെ വാരികൾ ഏല്പിക്കുന്നു. അതാ ഒരുത്തൻ ഓടിവരുന്നു. "സാറിനെ കണ്ടതു ഭാഗ്യം. ഞാൻ വീട്ടിലേക്കുവരാൻ ഓട്ടോറിക്ഷ കാത്തുനിൽക്കുകയായിരുന്നു. സെപ്റ്റംബർ നാലാം തീയതി ഞങ്ങളുടെ ഭഗവതി ക്ഷേത്രത്തിലെ ഉത്സവത്തോടുചേർന്ന് ഒരു സമ്മേളനമുണ്ട്. അവിടെ സാർ ഒരു പ്രസംഗം നടത്തണം." സാഹി

ത്യകാരനു സാഹിത്യമേ അറിയൂ. എങ്കിലും തടഞ്ഞുനിറുത്തിയവന്റെ മുഖം കറുക്കുന്നതു കാണാൻ മടിച്ച് ആകട്ടെ' എന്നു മൊഴിയാടുന്നു. "കാറ് കൂടിയേ തീരുവോ, ബസ്സിൽ വരാമോ" എന്ന് രണ്ടു വാക്യങ്ങൾ കൂടി അപമാനമുളവാക്കുമാറ് പറഞ്ഞിട്ട് അയാൾ പോകുന്നു. സാഹിത്യകാരൻ സന്ധ്യ കഴിഞ്ഞ് വീട്ടിലെത്തുന്നു. മാസികകളും പുസ്തകങ്ങളും ചുമന്നുകൊണ്ട് ഏതാണ്ട് ഒരാക്രിക്കച്ചവടക്കാരനെപ്പോലെയാണ് അയാളുടെ രംഗപ്രവേശം. മര്യാദയോടെ പെരുമാറുന്ന ഇയാളോടു ബഹുജനത്തിനു പുച്ഛമാണ്. ആരെങ്കിലും വീട്ടിൽ വന്നു ഡോർബെല്ലടിച്ചാൽ അയാൾ പാഞ്ഞുവന്നു കതകു തുറന്നു. "വരൂ ഇരിക്കൂ" എന്നു ക്ഷണിക്കുന്നു. ആദ്യത്തെ വിഭാഗത്തിൽപ്പെട്ട സാഹിത്യകാരൻ ഡോർബെൽ കേട്ടാൽ ഇരിപ്പിടത്തുനിന്ന് അനങ്ങുകില്ല. ഭാര്യ വന്ന് "ഒരാൾ കാണാൻ എത്തിയിട്ടുണ്ട്" എന്ന് അറിയിച്ചാൽ ഗൗരവഭാവത്തിൽ എത്തി ആഗതനോട് ഇരിക്കാൻ പറയാതെ കർക്കശസ്വരത്തിൽ "എന്താവേണ്ടത്?" എന്നു ചോദിക്കും. അയാളുടെ മറുപടി മുഴുവൻ കേൾക്കുന്നതിനുമുൻപ് വീട്ടിൽനിന്നിറക്കിവിടും. ബഹുജനത്തിന് ഇയാളോടാണ് ബഹുമാനം. സ്നേഹം.

ഞാൻ ആലോചിച്ചിട്ടുണ്ട്. അഹങ്കാരത്തോടെ പെരുമാറുകയും സാമാന്യജനതയെ ഒഴിവാക്കുകയും ചെയ്യുന്ന സാഹിത്യകാരന്മാരെ ആളുകൾ ഭക്ത്യാദരങ്ങളോടുകൂടി വീക്ഷിക്കുന്നതു എന്തുകൊണ്ട്? സൗജന്യം കാണിച്ച് ബഹുജനവുമായി സമ്പർക്കം പുലർത്തുകയും അവരെ കഴിയുന്നിടത്തോളം സഹായിക്കുകയും ചെയ്യുന്ന സാഹിത്യകാരന്മാരെ ആളുകൾ പുച്ഛിക്കുന്നത് എന്തുകൊണ്ട്. കവിവാക്യം എന്റെ സഹായത്തിനെത്തി. "അതിപരിചയമാർക്കും മാനമില്ലാതെയാക്കും". "Familiarity breeds contempt" എന്ന് സായ്പും പറഞ്ഞിട്ടുണ്ട് ഈ തത്ത്വം മനസ്സിലാക്കി ജീവിക്കുന്നവരാണ് ബുദ്ധിയുള്ളവർ.

1937-ൽ ജനിച്ച തോമസ് പിഞ്ചൻ ആകെ അഞ്ചു നോവലുകളെ എഴുതിയിട്ടുള്ളൂ. എന്നാൽ, ഇംഗ്ലീഷ് നോവലിസ്റ്റ് ആന്തണി ബർജസ് എണ്ണമററ നോവലുകളും പക്ഷേ, പിഞ്ചൻ ആദരിക്കപ്പെടുന്നതിന്റെ പതിനായിരത്തിലൊരംശം ബർജസ് ആദരിക്കപ്പെടുന്നില്ല. പ്രാഗൽഭ്യമാണ് ഇതിനു ഹേതുവെന്നു പറയാവുന്നതല്ല. പിഞ്ചൻ 1963-ൽ ആദ്യത്തെ നോവൽ പ്രസിദ്ധപ്പെടുത്തിയതിനുശേഷം ഇടയ്ക്കിടെ മൗനമവലംബിച്ചിട്ടേയുള്ളൂ. അദ്ദേഹത്തിന്റെ അഞ്ചാമത്തെ നോവൽ ആവിർഭവിച്ചിട്ട് രണ്ടുവർഷം ആയിട്ടേയുള്ളു. (അതോ ഒരു വർഷമോ? ഓർമയില്ല).

ബർജസിനെപ്പോലെ എഴുതാൻ വയ്യാഞ്ഞിട്ടല്ല പിഞ്ചൻ മിണ്ടാതെയിരുന്നത്. വല്ലപ്പോഴും ഉണ്ടാകുന്നതേ മാന്യത നേടൂ എന്ന് അദ്ദേഹത്തിനറിയാം. പാരായണയോഗ്യത എന്നത് ഇവിടെ പരിഗണനാർഹമല്ല. രണ്ടുപേരുടെ നോവലുകളും വായിക്കാൻ കൊള്ളുകില്ല. അതുപോലെ സാഹിത്യകാരന്മാർ ബഹുജനസമ്പർക്കത്തിനുപോയാൽ ആദരം അഭിനന്ദനം ഇവ നേടുകില്ല എന്ന് അവർ ഗ്രഹിച്ചിട്ടുണ്ട്. കാളമൂത്രം പോലെ എഴുതിയവരിൽ ആരും തന്നെ ജനതയുടെ ബഹുമാനമാർജിച്ചിട്ടില്ല. തകഴി ശിവശങ്കരപ്പിള്ള 'രണ്ടിടങ്ങഴി', 'ചെമ്മീൻ', 'കയർ' ഇവ മാത്രം എഴുതി മിണ്ടാതിരുന്നെങ്കിൽ നോബൽ സമ്മാനത്തിന് കേന്ദ്രസർക്കാർ അദ്ദേഹത്തെ 'ശുപാർശ' ചെയ്യുമായിരുന്നുവെന്ന് എനിക്കു തോന്നുന്നു. മുട്ടത്തുവർക്കി 'പാടാത്ത പൈങ്കിളി'യും 'മയിലാടും കുന്നും' 'ഫിഡിലും' മാത്രമെഴുതി നിശ്ശബ്ദനായിരുന്നെങ്കിൽ ജ്ഞാനപീഠം സമ്മാനം കിട്ടുമായിരുന്നു. സ്വീഡിഷ് അക്കാദമി സെക്രട്ടറി ഇന്ത്യൻ പ്രധാനമന്ത്രിയോട് "കേരളത്തിൽ പ്രതിഭാശാലിയായ മുട്ടത്തുവർക്കിയുണ്ടല്ലോ അദ്ദേഹത്തിന് നോബൽ സമ്മാനം കൊടുത്തുകൂടേ" എന്നു ചോദിക്കുമായിരുന്നു. നോവൽ പ്രസാധനത്തിൽ പിഞ്ചനുള്ള ദീർഘകാല മൗനത്തെക്കുറിച്ച് പല നിരൂപകരും പറഞ്ഞിട്ടുണ്ട്. "48 Laws of Power" എന്ന പുസ്തകത്തിലുമുണ്ട്. ആ ആശയം തികച്ചും എന്റേതല്ല!

2 മർലിൻ മൻറോ എന്ന അമേരിക്കൻ അഭിനേത്രിയെ beauty queen എന്നും sex bomb എന്നും വിശേഷിപ്പിച്ചിരുന്നു. sex-symbol എന്ന വിശേഷണവും അവർക്കു നൽകി ചിലർ. മൻറോ അതിസുന്ദരിയായിരുന്നു എന്നതിൽ സംശയമില്ല. പക്ഷേ, അക്കാലത്ത് അവരെക്കാൾ സുന്ദരികളായ എത്രയോ തരുണികളുണ്ടായിരുന്നു. ഇന്നുമുണ്ട്. മലയാള ചലച്ചിത്രങ്ങളിലെ സുന്ദരികളെക്കണ്ട് നിദ്രാരഹിതങ്ങളായ യാമിനികൾ കഴിച്ചുകൂട്ടുന്ന ഇവിടെയുള്ളവർ വൈകുന്നേരം റോഡിലിറങ്ങിനടന്നാൽ താരങ്ങളെക്കാൾ സൗന്ദര്യമുള്ള എത്രയോ സ്ത്രീകളെ കാണാനിടയുണ്ട്. പക്ഷേ, അവരിൽ കൗതുകമില്ല. ബഹുജനത്തിന്.എന്തുകൊണ്ടാണിത്? മൻറോ ചിലപ്പോൾ അർദ്ധനഗ്നതയും മറ്റു ചിലപ്പോൾ പൂർണനഗ്നതയും കാണിക്കും. ആ പരാക്രമം മലയാള ചലച്ചിത്രതാരങ്ങൾ പ്രദർശിപ്പിക്കാറില്ലെങ്കിലും രണ്ടുകൂട്ടരും ദ്രഷ്ടാക്കളുടെ വൈഷയികകൗതുകം വളർത്തും. വക്ഷസ്സ് തള്ളിക്കാണിക്കുക, നിതംബം ചലിപ്പിച്ചു നടക്കുക ഇവയെല്ലാം ഹൃദയപരിപാകമില്ലാത്തവരെ വല്ലാതെ ആകർഷിക്കും. അന്തസ്സോടുകൂടി, ആഭിജാത്യത്തോടുകൂടി അഭിമാനത്തോടുകൂടി റോഡിലൂടെ പോകുന്ന സുന്ദരി

**"പാമ്പുകൾ കൂടക്കൂടെ വീട്ടിൽ കയറിവരുന്ന പ്രദേശത്താണ് എന്റെ താമസം. അതുകൊണ്ട് വെളുത്തുള്ളി ചതച്ചു വെള്ളത്തിൽ കലക്കി വീട്ടിനു ചുററും തളിക്കാറുണ്ട്. സാഹിത്യവാരഫലം ഒരുതരം വെളുത്തുള്ളി പ്രയോഗമാണ്."**

ബക്കറ്റ്



> “ സാധാരണ മനുഷ്യർക്ക് ഒരു സ്ത്രീയെ മാത്രമേ കിട്ടുന്നുള്ളൂ. ആ ഒരുത്തി മതി പുരുഷനെ കൊല്ലാൻ ”

കളിൽനിന്ന് ഇതുണ്ടാവില്ല. അതിനാൽ അവരെ സാമാന്യജനത അവഗണിക്കുന്നു.

ചലച്ചിത്രതാരങ്ങളെസ്സംബന്ധിച്ച് ഉണ്ടാകുന്ന ഈ അങ്കലാപ്പ് ധൈഷണിക ജീവിതം നയിക്കുന്ന സ്ത്രീയെ സംബന്ധിച്ച് ഉണ്ടാകില്ല. പുരുഷനെസ്സംബന്ധിച്ച് തീരെയില്ല. വരട്ടെ അങ്ങനെയുറപ്പിച്ചു പറയാൻ. സ്ളോവേനിയയിലെ തത്വചിന്തകനായ സ്ലാവൊയി ഷീഷെക്ക് (Slavoj Zizek) എവിടെച്ചെന്നാലും ആളുകൾ കൂടും; അദ്ദേഹത്തെ കാണാൻ, അദ്ദേഹം പറയുന്നതുകേൾക്കാൻ. Oxford University Press പ്രസാധനം ചെയ്തതും Sian Griffiths എഡിററ് ചെയ്തതുമായ Predictions എന്ന പുസ്തകത്തിൽ ഷീഷെക്കിനെക്കുറിച്ച് Jennifer Wallace എഴുതിയിട്ടുണ്ട്. അതിലൊരിടത്ത് അദ്ദേഹം പറയുന്നു. "When he (Zizek) spoke at Harvard University in 1998, the audience was so large that the campus police had to be summoned to control hysterical fans being turned away at the door."

ഫ്രെഞ്ച് മാസികാപത്രാധിപരുമായ സാംസ്കാരിക വിഷയങ്ങളെ സംബന്ധിച്ച് ഉജ്ജ്വലപ്രബന്ധങ്ങൾ രചിച്ചിട്ടുള്ളതുമായ ഷക്ക് ലകാങിന്റെ Jacques Lacan 1901-81) സിദ്ധാന്തങ്ങളെ വികസിപ്പിച്ച ധിഷണാശാലിയെന്ന നിലയിലാണ് ഷീഷെക്കിന്റെ പ്രസിദ്ധി. പക്ഷേ, അദ്ദേഹം ലകാങിനെ ദാസ്യമനോഭാവത്തോടെ അനുകരിക്കുന്നവനല്ല. ആ ഫ്രെഞ്ച് ചിന്തകന്റെ സിദ്ധാന്തങ്ങളെ മൗലികതയോടെ ആവിഷ്കരിച്ച മഹാനാണ്. ഹേഗൽ, കാന്റ് ഈ ദാർശനികരുടെ സിദ്ധാന്തങ്ങളെ വിദ്വജ്ജനോചിതമായി വ്യാഖ്യാനിച്ച ദാർശനികനാണ് ഷീഷെക്ക് എന്ന് ആ വിഷയത്തിൽ അവഗാഹമുള്ളവർ പറയുന്നു. സങ്കീർണത ആവഹിക്കുന്ന അത്തരം പ്രപഞ്ചനങ്ങളെ വീണ്ടുമെഴുതി വായനക്കാരെ ക്ളേശിപ്പിക്കാൻ എനിക്ക് ഉദ്ദേശ്യമില്ല. ജനതയുടെ സാമാന്യസംസ്കാരത്തെ ചലച്ചിത്രങ്ങളെ കലാസൃഷ്ടികളെ ഷീഷെക്ക് എങ്ങനെ വ്യാഖ്യാനിക്കുന്നുവെന്നേ എനിക്കു പറയേണ്ടതുള്ളു. ഈ വിഷയങ്ങളെക്കുറിച്ചു കൂടുതൽ അറിയാൻ താല്പര്യമുള്ളവർ (The Zizek Reader) എന്ന പുസ്തകം വായിച്ചുനോക്കാൻ ഞാൻ അപേക്ഷിക്കുന്നു. (The Zizek Reader - edited by Elizabeth Wright and Edmond Wright - Blackwell Pages 332 - £ 16-99)

ഷീഷെക്ക്



മൊഡേനിസവും പോസ്റ്റ്മൊഡേനിസവും തമ്മിലുള്ള വ്യത്യാസം കാണിക്കുന്ന ഷീഷെക്ക് തികച്ചും മൗലികങ്ങളായ മതങ്ങൾ രസകരങ്ങളായി ആവിഷ്കരിക്കുന്നുണ്ട്. ബക്കറ്റിന്റെ Waiting for Godot (ഗദോ എന്നുച്ചാരണം) എന്ന ട്രാജികൊമഡിയിൽ രണ്ടുപേർ വരാത്ത ഗദോയെ കാത്തുനിൽക്കുന്നതായി നമ്മൾ കാണുന്നു. താൻ വരുമെന്ന് ഗദോ സന്ദേശമയയ്ക്കുന്നുണ്ട് കൂടെക്കൂടെ. പക്ഷേ, പ്രത്യക്ഷനാകുന്നില്ല. ഇവിടെ ശൂന്യതയുടെ പ്രതീകമാണ് ഗദോ. പോസ്റ്റ് മൊഡെനിസമാണെങ്കിൽ ഗദോയെത്തന്നെ സ്റ്റെയ്ജിൽ പ്രത്യക്ഷനാക്കുമായിരുന്നു. നമ്മളെപ്പോലെ ഒരുത്തനായിരിക്കുമയാൾ വിരസമായ, നിഷ്പ്രയോജനമായ ജീവിതം നയിച്ച് ബുദ്ധിശൂന്യമായ ആഹ്ലാദങ്ങളിൽ വിലയംകൊള്ളുന്ന ഒരുവൻ. ഇത് ഭയജനകമത്രേ. അതാണ് പോസ്റ്റ്മൊഡെനിസത്തിന്റെ സവിശേഷത. കൽക്കട്ടയെക്കുറിച്ച് ഷീഷെക്ക് പറയുന്നത് കേട്ടാലും. Calcutta is regularly presented as Hell on earth, the exemplary case of the decaying Third World megalopolis, full of social decay, poverty, violence and corruption with its residents caught in terminal apathy (facts are, of course, totally different: Calcutta is a city bursting with activity, culturally much more thriving than Bombay, with a successful local communist government mainteining a whole network of social services) തികഞ്ഞ ഇരുട്ടിന്റെ ഈ ചിത്രത്തിൽ മദർ തെറീസ നിർദ്ധനത്വത്തിന്റെ സന്ദേശം കൊണ്ടുവരികയും വിഷാദപൂർണമായ ആ വിധിയെ നിശ്ശബ്ദമായ അന്തസ്സോടും വിശ്വാസത്തോടും സഹിച്ച് പാവങ്ങൾ ക്രിസ്തുവിന്റെ കുരിശുമാർഗത്തിലേക്കു പോകേണ്ടതാണെന്നു ഉപദേശിക്കുകയും ചെയ്യുന്നു. മദർ തെറീസയെ Saintly എന്നു വിശേഷിപ്പിക്കുന്ന ഷീഷെക്ക് ആ വാക്കിനെ ഉദ്ധാരണ ചിഹ്നങ്ങളിലാണിട്ടിരിക്കുന്നത്. ഇതിനെക്കുറിച്ച് കൂടുതൽ എഴുതാൻ വയ്യ. ചിലരുടെ മതവികാരങ്ങൾ ക്ഷതപ്പെട്ടാലോ? വിശ്വവിഖ്യാതനായ റ്റെറി ഈഗൾറ്റൻ ഷീഷെക്കിനെ the most important cultural and psycho analytic theorist now writing" എന്നു വിശേഷിപ്പിക്കുന്നു. വായനക്കാർ ഇമ്മാതിരിപ്പുസ്തകങ്ങൾ വായിച്ച് സംസ്കാരചക്രവാളത്തെ വികസിപ്പിക്കണം. അപ്പോൾ മാത്രമേ കേരളത്തിൽ ക്ഷുദ്രജീവികളാണ് സാഹിത്യത്തിൽ, ചിന്താമണ്ഡലത്തിൽ വിഹരിക്കുന്നതെന്ന സത്യം ബോധപ്പെടുകയുള്ളു.

## ചോദ്യം, ഉത്തരം

“മുപ്പതുവർഷത്തെ സാഹിത്യവാരഫലം കൊണ്ട് നിങ്ങളെന്തുനേടി?”

“പാമ്പുകൾ കൂടക്കൂടെ വീട്ടിൽ കയറിവരുന്ന പ്രദേശത്താണ് എന്റെ താമസം. അതുകൊണ്ട് വെളുത്തുള്ളി ചതച്ചു വെള്ളത്തിൽ കലക്കി വീട്ടിനു ചുറ്റും തളിക്കാറുണ്ട്. സാഹിത്യവാരഫലം ഒരുതരം വെളുത്തുള്ളിപ്രയോ

ഗമാണ്.”

“നിങ്ങളുടെ ദാമ്പത്യജീവിതവിരോധം ഏതുതരത്തിലാണ് കാണേണ്ടത് ഞാൻ?”

“ഞാൻ സാമാന്യപ്രസ്താവം നടത്തുന്നതേയുള്ളൂ. ആരെയും ഉദ്ദേശിച്ചല്ല ദാമ്പത്യജീവിതത്തെ കുറ്റം പറയുന്നത്. വെറും സാമാന്യകരണമായി (ജനറലൈസേഷൻ) അതിനെ കരുതിയാൽ മതി. പിന്നെ നിങ്ങളുടെ അറിവിലേക്കായി ഞാൻ ഏതോ ചൈനീസ് പുസ്തകത്തിൽ വായിച്ച ഒരു കാര്യം പറയാം. ഒരു ചൈനീസ് ചക്രവർത്തി പന്തീരായിരം സ്ത്രീകളുമായി ലൈംഗികവേഴ്ച നടത്തി അനശ്വരനായിത്തീർന്നു. സാധാരണ മനുഷ്യർക്ക് ഒരു സ്ത്രീയെ മാത്രമേ കിട്ടുന്നുള്ളൂ. ആ ഒരുത്തി മതി പുരുഷനെ കൊല്ലാൻ.”

“മാന്യതയുടെ ലക്ഷണമെന്ത്?”

“സഹിഷ്ണുത; ആ ഗുണമില്ലാത്തവരാണ് നമ്മുടെ സാഹിത്യകാരന്മാരിൽ പലരും. സഹിഷ്ണുതയുള്ള സാഹിത്യകാരന്മാരിൽ ഒ.വി. വിജയൻ, എം. തോമസ് മാത്യു ഇവർ ഉൾപ്പെടും. ഒരിക്കൽ തോമസ് മാത്യുവിനെ നിന്ദിച്ചുകൊണ്ട് ഒരാൾ പത്രത്തിലെഴുതി. ഞാനതു അദ്ദേഹത്തെ കാണിച്ചപ്പോൾ “എനിക്ക് ആ മനുഷ്യനെ വിമർശിക്കാമെങ്കിൽ എന്തുകൊണ്ട് അദ്ദേഹത്തിന് എന്നെ വിമർശിച്ചുകൂടാ” എന്നു പറഞ്ഞു. “this is the correct attitude” എന്നുകൂടി തോമസ് മാത്യു പറഞ്ഞത് പ്രായംകൂടിയ എനിക്കു മാർഗദർശകമായി. കവികളിൽ അക്കിത്തത്തിനുമാത്രമേ സഹിഷ്ണുതയുള്ളൂ. ഒരു കവി ആർജവത്തോടെ (sincerety) ഞാൻ സ്തുതിച്ചത് നിന്ദയാണെന്നു തെറ്റിദ്ധരിച്ച് ‘ഞാൻ തന്നെക്കുറിച്ച് ലഘുലേഖ അച്ചടിച്ചു കേരളത്തിലാകെ പ്രസിദ്ധപ്പെടുത്തും’ എന്നു ടെലിഫോണിലൂടെ പറഞ്ഞു. അപ്പോൾ സാക്ഷാൽ തിരുവനന്തപുരം ഭാഷയിൽ ‘എന്റെ കൈ പുളിയങ്ങ പറിക്കാൻ പോകുമോ?’ എന്ന വാക്യം മനസ്സിൽ വന്നു. പക്ഷേ, ഞാനതു പറഞ്ഞില്ല. കാരണം ഒരാൾ എന്നെ മാനനഷ്ടത്തിന്റെ പേരിൽ തിഹാർ ജയിലിൽ കയറ്റാൻ പോയപ്പോൾ ഞാൻ ബഹുമാനിക്കുന്ന എം.എ. ബേബിയെക്കൊണ്ടു ശുപാർശ ചെയ്യിച്ച് എന്നെ രക്ഷിച്ചയാളാണ് അദ്ദേഹം. രണ്ടാമത്തെ കവിയെ ഞാൻ ആവോളം വാഴ്ത്തിയിട്ട് അവതാരികകൾ എഴുതുമ്പോൾ കുറെക്കൂടി സംയമനം പാലിക്കണം എന്നു നിർദ്ദേശിച്ചിരുന്നു. ആകസ്മികമായി ആ കവിയെ എൻ.ബി.എസ്. പുസ്തകക്കടയുടെ മുൻപിൽവച്ചു കണ്ടപ്പോൾ അദ്ദേഹം ആഭാസമായി ചിലതു പറഞ്ഞു. അതേ നാണയത്തിൽ എനിക്കു കൊടുക്കാനറിയാം. പക്ഷേ, ഞാനതു ചെയ്തില്ല. കാരണം കടുത്ത രോഗം വന്നു ചികിത്സയ്ക്കു പണമില്ലാതിരുന്ന എന്നെ അഞ്ഞൂറുരൂപ കടം തന്ന് സഹായിച്ച ആളാണ് ആ കവി. സഹിഷ്ണുത മനുഷ്യന് ഉണ്ടായാൽ നന്ന്. സ്വർണത്തിനു സുഗന്ധംപോലെയാവും അത്.”

“ജീവിതം എന്തു പഠിപ്പിച്ചു നിങ്ങളെ?”

“അന്യോന്യം വെറുക്കുന്നവരേയുള്ളൂ ഈ ലോകത്തിൽ ആരും ആരെയും സ്നേഹിക്കുന്നില്ല. സ്നേഹിക്കൂ, സ്നേഹിക്കുന്നു എന്നു ഉപദേശിക്കുന്നവർ അന്യരെ സ്നേഹിക്കുന്നതിനു കഴിവില്ലാത്തവരാണ്.”

“സ്നേഹിതൻ- നിർവചനം തരൂ.”

“കൂട്ടുകാരന്റെ ദൗർബല്യം കണ്ടുപിടിച്ച് അതിൽ കടുത്ത ആഘാതമേല്പിച്ചു സ്വയം രസിക്കുന്നവൻ.”

“ഞാൻ സാഹിത്യവാരഫലത്തെ അങ്ങേയറ്റം പുച്ഛിക്കുന്നു. എന്താ ഹേ നിങ്ങളുടെ മറുപടി?”

“താങ്കളുടെ വിചാരങ്ങളുടെയൊക്കെ അധികാരി താങ്കൾ തന്നെയാണ്. അതിൽ എനിക്കു പ്രവേശിക്കാൻ എന്തധികാരം?”

“എന്റെ വീട് നേമമെന്ന സ്ഥലത്ത്. അവിടെ മൂക്കുന്നിമലയുണ്ട്. നിങ്ങൾ ആ മലയെക്കുറിച്ച് പലപ്പോഴും എഴുതിക്കണ്ടിട്ടുണ്ട്. എത്ര പ്രാവശ്യം നിങ്ങൾ മൂക്കുന്നിമലയിൽ കയറിയിട്ടുണ്ട്.

“മൂക്കുന്നിമലയ്ക്കു അടുത്തുള്ള കളത്രവീട്ടിലാണ് എന്റെ അമ്മയുടെ ജനനം. ഞാൻ പലതവണ ആ മലയിൽ കയറിയിട്ടുണ്ട്. ഇപ്പോൾ അങ്ങോട്ടു പോകാറില്ല. പകരം മലയാളം സാഹിത്യത്തിലെ മൂക്കുന്നിമലകൾ കയറിക്കൊണ്ടിരിക്കുന്നു. അതിനാൽ ഹിമാലയം കയറാൻ പോകുന്നില്ല.”

## ഇ. ഹരികുമാർ

പണ്ടൊരിക്കൽ ഒരിടത്ത് ഒരു ഗുസ്തികാരനുണ്ടായിരുന്നു. അയാൾക്ക് പ്രതിയോഗിയെ പരാജയപ്പെടുത്താൻ 360 വിദ്യകൾ അറിയാമായിരുന്നു. വാത്സല്യമുള്ള ശിഷ്യനെ അയാൾ 359 വിദ്യകൾ പഠിപ്പിച്ചു; ഒരെണ്ണം പറഞ്ഞുകൊടുത്തതുമില്ല. ശിഷ്യൻ തനിക്കു വശമായ 359 വിദ്യകൾകൊണ്ട് പലരെയും തോല്പിച്ചു. തന്റെ സാമർത്ഥ്യത്തിൽ അഹങ്കാരിയായ അയാൾ ഒരിക്കൽ രാജാവിനോടു പറഞ്ഞു. ഗുരുനാഥനോടുള്ള നന്ദിയും അദ്ദേഹത്തിന്റെ വാർദ്ധക്യവുംകൊണ്ടാണ് വിദ്യകൾ പഠിപ്പിച്ച ആ ആളിനെ നേരിട്ടെതിർത്ത് തോല്പിക്കാത്തതെന്ന്. ഗുരുനാഥനോടുള്ള ഈ ബഹുമാനക്കുറവു കണ്ട് രാജാവിന് ദേഷ്യം വന്നു. അദ്ദേഹം കല്പിച്ചു, ഗുരുവും ശിഷ്യനും എതിരിടട്ടെയെന്ന്. ശിഷ്യന് അറിയാൻ പാടില്ലാത്ത മുന്നൂറ്റിയറുപതാമത്തെ വിദ്യ പ്രയോഗിച്ച് ഗുരു ശിഷ്യനെ നിലംപറ്റിച്ചു. ശിഷ്യനെ തലയ്ക്കുമുകളിൽ പൊക്കിയെടുത്തു നിലത്തേക്ക് എറിയുകയായിരുന്നു ഗുരു. ശിഷ്യൻ ആ ഏറിൽ തകർന്നുപോയി. മലയാള മനോരമ വാർഷികപ്പതിപ്പിൽ ‘കറുത്ത തമ്പ്രാട്ടി’ എന്ന ചെറുകഥയെഴുതിയ ഇ. ഹരികുമാറിന് രചനയുടെ 360 വിദ്യ

**അന്യോന്യം വെറുക്കുന്നവരേയുള്ളൂ ഈ ലോകത്തിൽ. ആരും ആരെയും സ്നേഹിക്കുന്നില്ല. സ്നേഹിക്കൂ, സ്നേഹിക്കുന്നു എന്നു ഉപദേശിക്കുന്നവർ അന്യരെ സ്നേഹിക്കുന്നതിനു കഴിവില്ലാത്ത വരാണ്.**

ഇ. ഹരികുമാർ



കളറിയാം. 359 വിദ്യകളും അദ്ദേഹം മറ്റു കഥയെഴുത്തുകാർക്കു പഠിപ്പിച്ചുകൊടുത്തിട്ടുണ്ട്. ഒരെണ്ണം അദ്ദേഹം വേറെയാരെയും അഭ്യസിപ്പിച്ചിട്ടില്ല. ആ വിദ്യ അറിയാൻ പാടില്ലാത്തതുകൊണ്ടാണ് മുകുന്ദൻ കൃത്രിമമായ 'നൃത്തം' എന്ന നോവലെഴുതുന്നത്. ഇമേജുകളില്ലാതെ വെറും ധിഷണാപരമായ ഉപന്യാസം കഥയെന്നമട്ടിൽ ആനന്ദ് എഴുതുന്നത് (ആനന്ദിന്റെ രചന മലയാള മനോരമ വാർഷികപ്പതിപ്പിൽത്തന്നെ.)

ഹരികുമാർ അയഥാർത്ഥമായ റൊമാന്റിസിസത്തിൽ വിഹരിക്കുന്നില്ല. ദുർഗ്രഹമായ സിംബലിസത്തിൽ ചെല്ലുന്നില്ല. ആദ്ധ്യാത്മികത്വത്തിന്റെ അധിത്യകതയിലേക്കു കയറിപ്പോകുന്നില്ല. ഫ്യൂഡലിസത്തിന്റെ നൃശംസത കാണിക്കുന്ന സെക്സിനെ യഥാതഥമായി. എന്നാൽ, കലാത്മകതയോടെ ആലേഖനം ചെയ്യുന്നതേയുള്ളൂ. ഫ്യൂഡൽ പ്രഭുവിന് തൊളിലാളിയുടെ ഭാര്യയെ വേണം. അവന്റെ ദാരിദ്ര്യത്തെ ചൂഷണം ചെയ്തു രണ്ടായിരം രൂപ കടംകൊടുത്തു അവളെ അയാൾ വെപ്പാട്ടിയാക്കുന്നു. എന്നു പണം കൊടുക്കുമോ അന്നു ഭാര്യയെ വിട്ടുകൊടുക്കാമെന്നാണ് വ്യവസ്ഥ. പണം തിരിച്ചുകൊടുത്താലും ദുഷ്ടൻ അവളെ വിട്ടുകൊടുക്കില്ല എന്നതു തീർച്ച. തൊഴിലാളിയുടെ മകൾ അവന്റെ വീട്ടിൽ സ്വന്തം അമ്മയെ കാണാതെ വളർന്നു വരുന്നു. കാലം കഴിഞ്ഞപ്പോൾ അമ്മയെ കാണാനും പ്രഭു നൽകുന്ന ഉടുപ്പു വാങ്ങാനും അവൾ അവിടെ ചെല്ലുന്നു. പക്ഷേ, അമ്മയെ തിരിച്ചറിയാതെ അവൾ അച്ഛനോടുകൂടി തിരികെപ്പോരുന്നു.

വജ്രം സ്ഫടികത്തെ കീറുന്നതുപോലെ ഈ കഥാവജ്രം അനുവാചകമനസ്സിനെ കീറുന്നു. ഫ്യൂഡൽ പ്രഭുവിന്റെ സെക്സ് എത്ര ക്രൂരമാണെന്ന് അത് ആഴത്തോളം ചെന്നു സ്പഷ്ടമാക്കിത്തരുന്നു. പണയംവയ്ക്കപ്പെട്ട സ്ത്രീയുടെ മകളുടെ ദുരന്തത്തിന് ഒരു ഗ്രീക്ക് ട്രാജഡിയുടെ പ്രഭാവം ഉണ്ടാകുന്നു. ഹരികുമാർ വായനക്കാരുടെ ബഹുമാനവും സ്നേഹവും നേടുന്നു. (ഗുസ്തിക്കാരന്റെ കഥ Power എന്ന ഗ്രന്ഥത്തിൽനിന്ന്)

## തിളങ്ങുന്ന ബിന്ദു

പ്രകാശത്തിന്റെ രശ്മികളോ ഊഷ്മാവോ മറ്റു റേഡിയേഷനോ പ്രതിഫലനംകൊണ്ടോ റിഫ്രാക്ഷൻകൊണ്ടോ ഒരു ബിന്ദുവിൽചെന്നു ചേരുമല്ലോ. അതിനെ ഫോക്കസ് എന്നു വിളിക്കും. എന്റെ കുട്ടിക്കാലത്തെ വിനോദങ്ങളിൽ ഒന്ന് കാചമെടുത്ത് സൂര്യരശ്മികൾ പായിച്ച് ഒരു ബിന്ദുവിൽ കൊണ്ടുചെന്ന് പഞ്ഞി കത്തിക്കുക എന്നതായിരുന്നു. ഒട്ടൊക്കെ പ്രായമായപ്പോൾ ഞാൻ അക്കളി വേണ്ടെന്നുവച്ചു. ഇന്ന് ജീവിതസംഭവങ്ങൾ തലച്ചോറിലൂടെ പ്രവഹിച്ച് ഒരു ബിന്ദുവിൽ കൊണ്ടെത്തിച്ച് അവിടെ തിളക്കം ഉണ്ടാക്കുന്നവരെ ഞാൻ ബഹുമാനിക്കുന്നു. ഈ തിളക്കമുണ്ടാക്കാൻ ആർക്കു കഴിയുന്നുവോ അയാളെ പ്രത്യുൽപന്നമതിത്വമുള്ളവനെന്നു വിളിക്കാം. ഷെറിഡൻ എന്ന എഴുത്തുകാരൻ അതിസുന്ദരിയായ ഒരു തരുണിയോടു ചോദിച്ചു "നീ എന്റെ പൂന്തോട്ടത്തിൽ വരുമോ? എന്റെ റോസാപ്പൂക്കൾ നിന്നെ കാണണമെന്ന് എനിക്ക് ആഗ്രഹമുണ്ട്." ഇത് പ്രത്യുൽപന്നമതിത്വം കാണിക്കുന്നു. എന്നാൽ ഷെയ്ക്സ്പിയറിന്റെ റോമിയോ ആൻഡ് ജൂലിയറ്റിലെ കഥാപാത്രമായ മെർകൂഷ്യോ, റ്റിബൽറ്റിനാൽ കൊല്ലപ്പെടുമ്പോൾ 'Ask for me tomorrow and you shall find me a graveman' എന്നു പറയുമ്പോൾ എന്റെ നെറ്റി ചുളിയുന്നു. പ്രതിഭയുടെ ഔന്നത്യത്തിലെത്തിയ മഹാകവി അതിന്റെ ഉപത്യകയിലേക്ക് ഇറങ്ങിപ്പോരികയാണ് ഈ സന്ദർഭത്തിൽ ഇംഗ്ലീഷിൽ 'Pun' എന്നു വിളിക്കുന്ന ഇത് ബുദ്ധിയുടെ താണ നിലവാരത്തെയാണ് കാണിക്കുന്നത്. ആര് അത് പ്രയോഗിച്ചാലും സാമാന്യബുദ്ധിയുള്ളവരുടെ ആദരം നേടുകയില്ല. ജോയിസിന്റെയും കാളിദാസന്റെയും ശ്ലേഷപ്രയോഗങ്ങൾപോലും അനാദരണീയങ്ങളാണ്. പിന്നെ അവരൊക്കെ അതോടൊപ്പം പ്രതിഭ പ്രകടിപ്പിച്ചവരാണ്. അതുകൊണ്ടാണ് നമ്മൾ അവരെ കുറ്റം പറയാത്തത്. ശ്ലേഷപ്രയോഗം മാത്രം കൈമുതലായിട്ടുള്ളവർ അതു കാണിച്ച് ബഹുജനത്തിന്റെ ആദരം നേടാൻ ശ്രമിക്കുന്നത് വിഡ്ഢിത്തമാണ്.

ഞാനിത്രയും എഴുതിയത് മലയാള മനോരമയുടെ വാർഷികപ്പതിപ്പിൽ മണർകാടു മാത്യുവും സക്കറിയയും വി. കെ.എന്നും കൂടി നടത്തിയ സംഭാഷണത്തിന്റെ ഹൃദ്യമായ റിപ്പോർട്ട് വായിച്ചതിനാലാണ്. ഫോക്കൽ പോയിന്റ് തിളങ്ങുന്നതു പലതവണ ഞാനതിൽ കണ്ടു.

## കാഴ്ചകളും ഓർമകളും

ഞാൻ തിരുവനന്തപുരത്തെ ഒരു ഓവർബ്രിഡ്ജിനടുത്തു നിൽക്കുകയായിരുന്നു. ദൂരെനിന്ന് ഒരു ഗുഡ്സ് ട്രെയിൻ വരുന്നുണ്ട്. അതു പോകുന്നതുവരെ ഞാനവിടെത്തന്നെ നിന്ന് പാളം മുറിച്ചുകടന്ന് അപ്പുറത്തേയ്ക്കുപോകാൻ. ഭൂമിയാകെ കുലുക്കിക്കൊണ്ട് കർണ്ണകഠോരമായ ശബ്ദത്തിൽ ഗുഡ്സ് വാഗണുകൾ കടന്നുപോയി. ഞാൻ ഉടനെ ഓർമിച്ചത് ഉള്ളൂർക്കവിതയെയാണ് .

2. തിരുവനന്തപുരത്തെ ഒരു ജവുളിക്കടയിൽ റെഡിമെയ്ഡ് ഷേർട് വാങ്ങാൻ ഞാൻ പോയി. ഷേർട് നോക്കിക്കൊണ്ടുനിന്നപ്പോൾ ഒരു ചെറുപ്പക്കാരി അവിടെ വന്നുകയറി. കാണാൻ കൊള്ളാവുന്ന അവളെ കണ്ടിട്ടാവണം കടയിലെ ജോലിക്കാരൻ നൂറുസാരിയോളം ഷെൽഫിൽനിന്നു വലിച്ചിട്ട് അവളുടെ മുൻപിൽ വിടർത്തിയിട്ടു. പി. കുഞ്ഞിരാമൻനായർ ഇമ്മട്ടിലാണ് വായനക്കാരുടെ മുൻപിൽ ബിംബങ്ങൾ വാരിയിടുന്നത് എന്നെനിക്കു തോന്നിപ്പോയി.

3. എന്റെ ചെറുപ്പകാലം ഞാൻ എക്സ്പ്രസ് ബസ്സിൽ കൊല്ലത്തേയ്ക്കു പോകുകയായിരുന്നു. ശ്രീകാര്യം എന്ന സ്ഥലം കഴിഞ്ഞ് അല്പം മുന്നോട്ടുപോയാൽ ഒരു വളവുണ്ട് റോഡിന്. ആ വളവിനടുത്തു താഴ്ചകൂടിയ പ്രദേശവും. ആ താഴ്ചയിൽനിന്ന് അസാധാരണമായ സൗന്ദര്യമുള്ള ഒരു മുസ്ലിം യുവതി ഉയർന്നു ദൂരെ ചക്രവാളത്തിലേക്കു നോക്കി. കടാക്ഷശാസ്ത്ര പഠിപ്പുനേടാത്ത വിടർന്ന കണ്ണാൽ. ഞാനുടനെ ഓർമിച്ചത് ചങ്ങമ്പുഴക്കവിതയെയാണ്. പിന്നീട് പലതവണയും ഞാനതിലേ ബസ്സിൽ പോയിട്ടുണ്ട്. ആ സുന്ദരദർശനം പിന്നീട് ഉണ്ടായിട്ടില്ല. പക്ഷേ, ചങ്ങമ്പുഴക്കവിത വായിക്കുമ്പോഴൊക്കെ ഞാൻ ആ സുന്ദരിയെ മനസ്സിന്റെ കണ്ണുകൊണ്ടു കാണുന്നു.